-ാം വർഷം
9
2026
ആഗസ്റ്റ് 2, 2026
കൈത്താ നലാം ഞായർ



# Laity Reflect on
## Syro-Malabar Sunday Mass
## SCRIPTURE READINGS



# നിധി ചാല സുഖമാ...

നിയ 6:1-9, എസെ 3:16-21, 2 തെസ 2:13-17, മത്തായി 13:44-52

നോബൽ സമ്മാനജേതാവായ രബീന്ദ്രനാഥ ടാഗോർ, തന്റെ പ്രശസ്തമായ 'The Gift' എന്ന കൃതിയിൽ ഇപ്രകാരം എഴുതിവച്ചു:

"Trust treasure is fleeting;
It sparkles for a moment,
then goes. It does not tell
its name; its tune
stops us in our tracks, its dance
disappears
at the toss of an anklet.'

മനുഷ്യന്റെ ചോദനയെയും ഭാവനയെയും മോഹങ്ങളെയും ഒരുപോലെ ഉണർത്തുന്ന മനോഹരമായ ഒരു പദമാണ് 'നിധി'. മണ്ണിൽ ഒളിഞ്ഞിരിക്കുന്ന സ്വർണ്ണനാണയങ്ങളോ വിലപ്പിടിപ്പുള്ള വസ്തുക്കളോ ആണ് പൊതുവെ നിധി എന്ന വാക്കു കേൾക്കുമ്പോൾ നമ്മുടെ ഓർമ്മയിൽ വരിക. നിധിയെക്കുറിച്ചുള്ള കഥകൾ എക്കാലവും മനുഷ്യനെ മോഹിപ്പിച്ചിട്ടുണ്ട്. നിധി സ്വന്തമാക്കുന്നതിനായി സർവ്വവും പരിത്യജിച്ച് ഇറങ്ങിത്തിരിച്ച മഹാത്യാഗികൾ, കയ്യിൽ ഒരു നിധി ശേഖരമിരുന്നിട്ടും അതനുഭവിച്ചാസ്വാദിക്കാൻ കഴിയാതെ പോകുന്ന നിർഭാഗ്യവാന്മാർ, നിധി സ്വന്തമാക്കാ



ജോസ് തട്ടിൽ ഇടപ്പള്ളി

മായിരുന്ന അവസരങ്ങളെ അലസത നിമിത്തം പാഴാക്കിക്കളഞ്ഞവർ എന്നിങ്ങനെ വിവിധ സ്വഭാവങ്ങളുള്ള കഥാപാത്രങ്ങളെ നിരവധി നിധിക്കഥകളിൽ നാം കണ്ടുമുട്ടുന്നു. ഇന്നത്തെ തിരുവചനഭാഗത്തിന്റെ കേന്ദ്രവിഷയവും നിധിയെ കണ്ടെത്തലാണ്. പക്ഷെ, ഇവിടെ നിധി അനശ്വരവും വിലയിടാൻ സാധിക്കാത്തതുമായ സ്വർഗ്ഗരാജ്യമാണ്. വയലിൽ മറഞ്ഞിരിക്കുന്ന നിധിയോടും രത്നവ്യാപാരി കണ്ടെത്തിയ അതിശ്രേഷ്ഠമായ രത്നത്തോടും മത്സ്യബന്ധനത്തിനായി കടലിൽ എറിയപ്പെട്ട വലയോടുമാണ് സ്വർഗ്ഗരാജ്യത്തെ ഈശോ ഉപമിച്ചിരിക്കുന്നത്. മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം സ്വർഗരാജ്യമാണെന്ന് വ്യക്തമായും ലളിതമായും ഈശോ പഠിപ്പിക്കുന്നു. അമൂല്യമായതെന്തും നേടാൻ തീവ്രവും ഏകാഗ്രവുമായ അന്വേഷണവും പരിശ്രമവുമൊക്കെ അനിവാര്യമാണ്. വിലയേറിയവ കണ്ടെത്തുമ്പോൾ മറ്റുള്ളവയെല്ലാം വില കുറഞ്ഞതായി മനുഷ്യൻ പരിഗണിക്കുന്നു. അതുകൊണ്ടാണ് ക്രിസ്തുവിനെ പ്രതി സകലതും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയും ചെയ്യുന്നുവെന്ന് പൗലോസ് ശ്ലീഹാ പറയുന്നത്. (ഫിലി 3:8).

ഓരോ മനുഷ്യനും ആദ്യം ജനിക്കുന്നത് സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ ഹൃദയത്തിലാണ്. അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിന് മുമ്പു തന്നെ ദൈവം നമ്മെ അറിഞ്ഞിരിക്കുന്നുവെന്ന് ജറെമിയ പ്രവാചകൻ വ്യക്തമാക്കുന്നു. (ജറെ 1:5). ആയതിനാൽ ദൈവത്തിന്റെ ഹൃദയത്തിൽനിന്നു ഭൂമിയിലേക്കു വന്ന മനുഷ്യന്റെ ജീവിതം തിരിച്ചു സ്വർഗ്ഗം  തേടിയുള്ള യാത്രയാണ്.

ദൈവം വസിക്കുന്ന ഇടമാണ് സ്വർഗ്ഗം. ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനും ദൈവവുമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പാടി സ്തുതിക്കുന്ന സ്വർഗ്ഗീയ ഗണങ്ങളുടെ മധ്യേ വസിക്കുന്ന സ്വർഗ്ഗസ്ഥനായ ദൈവത്തെ വെളിപാടുഗ്രന്ഥം (4:8) അവതരിപ്പിക്കുന്നുണ്ട്. തോമസ് അക്കെമ്പിസ് രചിച്ച, വിഖ്യാതമായ The imitation of Christ' ൽ 'നീ ക്രിസ്തുവിനു യോഗ്യമായ ഒരു മന്ദിരം നിന്നിൽ തയാറാക്കുകയാണെങ്കിൽ അവിടുന്നു തന്റെ ആശ്വാസം നിനക്കു തരികയും നിന്നിൽ എഴുന്നെള്ളി വരികയും ചെയ്യും' എന്നു പഠിപ്പിക്കുന്നു. ഈശോയെ അനുഭവിച്ചറിഞ്ഞപ്പോൾ വി. അൽഫോൻസാമ്മ പറഞ്ഞു, 'എനിക്കെന്റെ ഈശോയെ മാത്രം മതി, മറ്റൊന്നും എനിക്കു വേണ്ട.' ഈശോയെന്ന നിധി കണ്ടെത്തിയപ്പോൾ, ' ക്രിസ്തുനാഥനാണ് എന്റെ ജന്മാവകാശം.' എന്നു പ്രഖ്യാപിച്ചുകൊണ്ട് അസീസ്സിയിലെ പ്രഭുകുമാരിയായ വിശുദ്ധ ക്ലാര സർവ്വവും പരിത്യജിച്ച് സന്യാസം സ്വീകരിച്ചു.



വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ 13-ാം അധ്യായത്തിൽ ഏഴ് ഉപമകളിലൂടെ സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ വെളിവാക്കുന്നു. ഇതിൽ നിധിയുടെയും രത്നത്തിന്റെയും വലയുടെയും ഉപമകൾ മറ്റു സുവിശേഷങ്ങളിൽ കാണുന്നില്ല. ഒളിഞ്ഞിരിക്കുന്ന നിധിയായ സ്വർഗ്ഗരാജ്യം കണ്ടെത്തി അതിനെ സ്വന്തമാക്കാൻ വേണ്ടി ഈ ലോക ജീവിതത്തിൽ എടുക്കുന്ന ത്യാഗവും നേരിടുന്ന നഷ്ടങ്ങളും യഥാർത്ഥത്തിൽ ലാഭവും നിലനിൽക്കുന്ന ആനന്ദവും പ്രദാനം ചെയ്യാൻ പര്യാപ്തമാണ്. ഈ ലോക ജീവിതത്തിലെ സർവ്വനേട്ടങ്ങളും സ്വർഗ്ഗരാജ്യത്തെ അതുല്യമായ നേട്ടത്തിനായി ഉപേക്ഷിക്കുവാൻ തയ്യാറുള്ളവർക്കാണ് നിലനിൽക്കുന്ന ആനന്ദം അനുഭവിക്കാൻ വരം ലഭിക്കുന്നത്.

ദൈവരാജ്യമെന്ന നിധിയുടെ വില അളവില്ലാത്തതാണ്. ഈ അമൂല്യമായ നിധി കണ്ടെത്താനുള്ള അന്വേഷണത്വര ജീവിതത്തിൽ ഉടനീളം കാത്തുസൂക്ഷിക്കണമെന്ന് രത്നത്തിന്റെ ഉപമ നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിലെ രക്ഷാകരമായ തിരഞ്ഞെടുപ്പുകളിൽ നിർണ്ണായമാകുന്നതും അമൂല്യമായവയെക്കുറിച്ചുള്ള തിരിച്ചറിവുകളുമാണ് നമുക്കിവിടെ ലഭിക്കുന്നത്. നിലനിൽക്കുന്നതും നഷ്ടപ്പെടുന്നതും വേർതിരിച്ചറിയുമ്പോൾ, നിലനിൽക്കുന്നതിനെ അന്വേഷിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ഈ അറിവില്ലാത്തവർ താൽക്കാലിക സന്തോഷങ്ങൾക്കും നശ്വരമായ നേട്ടങ്ങൾക്കും വേണ്ടി ജീവിതം പാഴാക്കുന്നു. മനുഷ്യജീവിതത്തിന്റെ ആത്യന്തികലക്ഷ്യം ദൈവവൈക്യം പ്രാപിക്കുന്ന സ്വർഗ്ഗരാജ്യമാണ്.

മത്തായിയുടെ 13-ാം അധ്യായത്തിലെ അവസാന ഉപമയിൽ 'സ്വർഗ്ഗരാജ്യത്തെ' എല്ലാത്തരം മത്സ്യങ്ങളെയും ശേഖരിക്കുവാൻ കടലിൽ എറിയപ്പെട്ട വലയ്ക്കു തുല്യമായി അവതരിപ്പിക്കുന്നു. ഈശോയെ തിരസ്കരിക്കുന്ന ദുഷ്ടരുടെ അന്ത്യം എങ്ങനെ ആയിരിക്കുമെന്നു ഇവിടെ വ്യക്തമാക്കുന്നുണ്ട്. യുഗാന്തത്തിലെ വിധിയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ഈ മൂന്നു ഉപമകളും പൊതുവായി നൽകുന്ന പരിചിന്തനം ഇപ്രകാരം ചുരുക്കി പറയാം:

- ദൈവരാജ്യം അല്ലെങ്കിൽ സ്വർഗ്ഗരാജ്യം എന്നത് ഒരു ഇടം മാത്രമല്ല, അതൊരു അനുഭവം കൂടിയാണ്.
- സ്വർഗ്ഗരാജ്യത്തിന്റെ ദൈവാനുഭവതലങ്ങളെയാണ് ഉപമകൾ പ്രതിപാദിക്കുന്നത്.
- ദൈവരാജ്യത്തിന്റെ ആന്തരികത വെളിപ്പെടുത്തുകയാണ് ഉപമകളുടെ ലക്ഷ്യം.
- സ്വർഗ്ഗരാജ്യപ്രവേശനം ഒരു പ്രത്യേക ജീവിതശൈലി ആവശ്യപ്പെടുന്നു.
- സ്വർഗ്ഗരാജ്യം ആത്മീയാന്വേഷണത്തിലൂടെ കണ്ടെത്തേണ്ടതാണ്.

നമ്മുടെ ആത്മീയയാത്ര, ഒരു പ്രത്യേക ലക്ഷ്യത്തെ മുൻനിർത്തി എന്നതിനോടൊപ്പം, എത്തിച്ചേരേണ്ട ഇടത്തിലേക്കുള്ള പ്രത്യേകമായ യാത്രാരീതികൂടിയാണ്. സ്വർഗ്ഗരാജ്യമെന്നതിനെ, "a way to Godliness" എന്നുകൂടി നിർവചിക്കാം.

എന്റെ ജീവിതത്തിൽ തുടങ്ങി, അപരനിലേക്കു വളർന്നു ദൈവത്തോടു ചേർന്നിരിക്കുന്ന, നിധിയൊളിപ്പിച്ചിരിക്കുന്ന -രത്നമിരിക്കുന്ന- ദൈവിക ഇടത്തിന്റെ പേരാണ്



സ്വർഗ്ഗരാജ്യം. അപരജീവിതത്തിനുതകാത്തതെന്തും സ്വർഗ്ഗരാജ്യവഴിയിൽ നിന്ന് പിന്തള്ളപ്പെടും. കടുകുമണിയും വിത്തും വലയും വയലും നിധിയും രത്നവുമൊക്കെ സ്വർഗ്ഗരാജ്യത്തിന്റെ രൂപകങ്ങളായി (Analogy) സുവിശേഷത്തിൽ അവതരിപ്പിക്കപ്പെടുന്നു. നന്മയുടെ വിത്തുകളാകുക എന്നതാണ് സ്വർഗ്ഗരാജ്യത്തിലേക്കു വളരാനുള്ള ഏകമാർഗ്ഗം.

നാമെല്ലാവരും ദൈവം വസിക്കുന്ന ദേവാലയങ്ങളാണ്. ഈശോയോടുകൂടിയായിരിക്കുന്ന അവസ്ഥയാണ് സ്വർഗ്ഗാനുഭവം.

ദൈവദർശനത്തിനുള്ള അവശ്യം വേണ്ട യോഗ്യത ഹൃദയത്തിന്റെ പരിശുദ്ധിയാണ്. അതുകൊണ്ടാണ് ഈശോ അരുളിചെയ്തത്: 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യാവന്മാർ; അവർ ദൈവത്തെ കാണും.' (മത്തായി 5:8)

നമ്മുടെ ഉള്ളിന്റെ ഉള്ളിലൊരു സ്വർഗ്ഗമുണ്ട്. അവിടെ ഈശോയുണ്ട് - അതാണ് നമ്മുടെ നിധി.

*(ഫാക്ട് റിട്ട. ജനറൽ മാനേജരും എഴുത്തുകാരനുമാണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com